പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 29/05/2019 ൽ |
| നിയമസഭാ ചോദ്യം നമ്പർ 36 | മറുപടിക്ക് |

## സിമന്റിന്റെ വിലവർദ്ധനവ് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.കെ.ബഷീർ<br>ഡോ.എം. കെ. മുനീർ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സിമന്റ് വില തുടർച്ചയായി വർദ്ധിച്ചതോടെ നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലേക്ക് നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. കേരളത്തിലെ ഏക സിമന്റ് ഉല്പാദകരായ മലബാർ സിമന്റ്സ് കേരളത്തിൽ ആവശ്യമുള്ള സിമന്റിന്റെ ഏകദേശം 5 മുതൽ 8% വരെയാണ് ഉല്പാദിപ്പിക്കുന്നത്. ഒരു കേരള സർക്കാർ പൊതുമേഖലാസ്ഥാപനം എന്ന നിലയ്ക്ക്, സ്വകാര്യ കമ്പനികൾ കൈക്കൊള്ളുന്ന വിപണന നയം മലബാർ സിമന്റ്സിന് കൈക്കൊള്ളുവാൻ സാധിക്കുകയില്ല. നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുവായ സിമന്റിന്റെ വില മുൻ വർഷങ്ങളിലെ അപേക്ഷിച്ച് ക്രമാതീതമായി കൂട്ടിയിട്ടില്ല. ഇടയ്ക്ക് വില വർദ്ധിച്ചുവെങ്കിലും മലബാർ സിമന്റ്സ് ഇപ്പോൾ ഡീലർമാർക്ക് നൽകുന്ന വില, ഡിസ്കൗണ്ട് കുറച്ച് ചാക്കൊന്നിന് 346 രൂപയാണ്. ഇതിൽ 28% ജി.എസ്.ടി.യും ഉൾപ്പെടുന്നു. |
| ബി) | സിമന്റിന്റെ വിലവർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | ബി) | സിമന്റിന്റെ വില വർദ്ധനവ് തടയുന്നതിനായി മലബാർ സിമന്റ് ഉല്പാദനം മെച്ചപ്പെടുത്തുകയും സിമന്റ് മാർക്കറ്റിൽ നിത്യേന ലഭ്യമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ കമ്പനിയുടെ എല്ലാ യൂണിറ്റുകളും പൂർണ്ണതോതിൽ പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കേരളത്തിലെ |

| | |
|---|---|
| | സിമന്റ് വിപണിയുടെ ഭൂരിഭാഗവും നിയന്ത്രിക്കുന്നത് സ്വകാര്യ സിമന്റ് ഉല്പാദകരാണ്. അതുകൊണ്ടുതന്നെ സിമന്റിന്റെ വില നിയന്ത്രിക്കുന്നതിൽ സർക്കാരിന്റെ ഇടപെടൽ പരിമിതമാണ്. സിമന്റ് വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് നിർമ്മാതാക്കളുടെയും സിമന്റ് വ്യാപാരികളുടെയും (dealers) യോഗങ്ങൾ 29/7/2016, 10/5/2017, 22/11/2018, 19/2/2019 എന്നീ തീയതികളിൽ വിളിച്ചു ചേർക്കുകയും സിമന്റ് വില കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. 'ലൈഫ് മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കുറഞ്ഞ വിലയിൽ സിമന്റ് ലഭ്യമാക്കുന്ന വിഷയം 13/9/2017 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിമന്റ് വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് സിമന്റ് ഉല്പാദകരുടെ യോഗം 2.5.2019 ന് ബഹു.മുഖ്യമന്ത്രി വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ